# Malayala Manorama
# 28 August 2018
# Kakkanad, Flood Relief, Kit, Daily Necessities

## കാൽലക്ഷം അവശ്യസാധന കിറ്റുകൾ നൽകി

കാക്കനാട് • പ്രളയ ദുരിതബാധിതകുടുംബങ്ങളിലെത്തിക്കാൻ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെട്ട ആയിരക്കണക്കിനു കിറ്റുകൾ തയാർ. 25,000 കിറ്റുകൾ വിതരണം ചെയ്തു. അവശ്യ സാധനങ്ങളുടെ കേന്ദ്രീകൃത സംഭരണ സ്ഥലമായ തൃക്കാക്കര മുനിസിപ്പൽ കമ്യൂണിറ്റി ഹാളിലാണു സർക്കാർ ജീവനക്കാരും കുടുംബശ്രീ വനിതകളും സന്നദ്ധ സംഘടനാ പ്രവർത്തകരും ചേർന്നു കിറ്റ് തയാറാക്കുന്നത്.

കലക്ടർ മുഹമ്മദ് സഫിറുല്ല ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരാണ് മേൽനോട്ടം വഹിക്കുന്നത്. ദുരിതാശ്വാസ ക്യാംപുകളിൽ നിന്നു വീടുകളിലേക്കു മടങ്ങുന്നവർക്ക് ആദ്യ രണ്ടാഴ്ചയെങ്കിലും നിത്യോപയോഗ സാധനങ്ങൾ പണം കൊടുത്തു വാങ്ങേണ്ടിവരില്ല.

നേരത്തേ ക്യാംപ് വിട്ടു പോയവർക്കും നിത്യോപയോഗ സാധനങ്ങൾ സൗജന്യമായി എത്തിച്ചു കൊടുക്കാനാണ് തീരുമാനം. സംസ്ഥാനത്തിനകത്തും നിന്നും പുറത്തു നിന്നുമായി 60,000 ടണ്ണോളം ഭക്ഷ്യവസ്തുക്കൾ തൃക്കാക്കര കമ്യൂണിറ്റി ഹാളിൽ എത്തിയിട്ടുണ്ട്.

വില്ലേജ് ഓഫിസുകളിലെയും തദ്ദേശ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ സഹകരണത്തോടെയാണു ദുരിതാശ്വാസ ക്യാംപ് വിട്ടവരുടെ വീടുകളിൽ നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നത്.

### കിറ്റിനകത്ത് ഇവയാണ്



അരി അഞ്ചു കിലോ, വെളിച്ചെണ്ണയും പഞ്ചസാരയും പരിപ്പും ചെറുപയറും ഉള്ളിയും ബീൻസും 500 ഗ്രാം വീതം, സവാളയും ഉരുളക്കിഴങ്ങും തക്കാളിയും ഒരു കിലോ വീതം, സാമ്പാർ പൊടിയും മുളകുപൊടിയും 200 ഗ്രാം വീതം, മല്ലിപ്പൊടി 100 ഗ്രാം, മഞ്ഞപ്പൊടി 50 ഗ്രാം എന്നിവയ്ക്കു പുറമേ പേസ്റ്റ്, ബ്രഷ്, സോപ്പ്, ബിസ്കറ്റ്, സാനിറ്ററി നാപ്കിൻ തുടങ്ങി ഒട്ടേറെ ഇനങ്ങൾ സംഭരണ കേന്ദ്രത്തിൽ ലഭിച്ചതു കൂടി കിറ്റിലുൾപ്പെടുത്തുന്നുണ്ട്.